# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3171** — **24.02.2016-ന് മറുപടിക്ക്**

## പരിസ്ഥിതി വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. ഉമ്മൻചാണ്ടി, (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും പരിസ്ഥിതി വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ; | (എ) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനവകുപ്പ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്നതിന് 2011-12 ൽ പ്രഖ്യാപിച്ച കരിമ്പുകോണം മേച്ചിറക്കുളം പദ്ധതി 2014-15-ലും, 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച നഗരപരിസ്ഥിതിമെച്ചപ്പെടുത്തൽ പദ്ധതി 2015-ലും പൂർത്തിയാക്കി. കൂടാതെ 2014-15 ൽ സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിനു കീഴിൽ പൊതുബയോമെഡിക്കൽമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക എന്ന പദ്ധതിക്ക് സംസ്ഥാനവിഹിതമായി 3 കോടി രൂപ പ്രഖ്യാപിച്ചതിൽ 1 കോടിരൂപയ്ക്ക് ഭരണാനുമതി നല്കിയിരുന്നു. പദ്ധതി ആരംഭിക്കുന്നതിന് ബോർഡ്, Expression of Interest (EoI) ക്ഷണിച്ചിരുന്നു. ഇതിന് 3 ഏജൻസികൾ താല്പര്യം അറിയിച്ചിരുന്നെങ്കിലും പ്രസ്തുത ഏജൻസികൾ എൻവയോൺമെന്റൽ ക്ലിയറൻസ് ഹാജരാക്കാത്തതിനാൽ ഫണ്ട് വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 'ജൈവവൈവിധ്യ സംരക്ഷണം' എന്ന പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി പരിസ്ഥിതി വകുപ്പിന് വേണ്ടി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര ; | (ബി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

(contd......)

| | | | |
|---|---|---|---|
| **(സി)** | ഓരോ വർഷവും റീ-അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു ; വിശദമാക്കാമോ ? | **(സി)** | പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പ ഡയറക്ടറേറ്റ് 2013-14 ൽ മുപ്പത് ലക്ഷം രൂപ 3435-04-104-97 എന്ന ശീർഷകത്തിൽ വക മാറ്റി ചിലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### (i) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്

| വർഷം | പരിസ്ഥിതി വകുപ്പിന് വകയിരുത്തപ്പെട്ട തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ കഴിയാതിരുന്ന തുക | ശതമാനം | ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക |
|---|---|---|---|---|---|
| 2011-12 | 122200000 | 117028311 | 5171689 | 95.77 | 0 |
| 2012-13 | 59500000 | 52876000 | 6624000 | 88.86 | 0 |
| 2013-14 | 143000000 | 141930274 | 1069726 | 99.25 | 0 |
| 2014-15 | 150000000 | 51424000 | 98576000 | 81.53 | 0 |
| 2015-16 | 150000000 | 46983100 | ബാക്കിതുക ചെലവഴിച്ചുവരുന്നു. | | |

### (ii) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

| വർഷം | വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) | ചെലഴിക്കാത്ത തുക (രൂപ ലക്ഷത്തിൽ) | വകയിരുത്തിയ തുക പിൻവലിച്ചത് (ശതമാനത്തിൽ) | ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|---|
| 2011-12 | 180 | 180 | 0 | 100.00% | 0 |
| 2012-13 | 225 | 225 | 0 | 100.00% | 0 |
| 2013-14 | 250 | 250 | 0 | 100.00% | 0 |
| 2014-15 | 295 | 295 | 0 | 100.00% | 0 |
| 2015-16 | **500**<br>ഇതുവരെ ലഭിച്ച തുക – 334 ലക്ഷം രൂപ | 277.84 (17.02.2016 വരെ) | 56.16 (ഇതുവരെ ലഭിച്ച തുകയിൽ നിന്നും) | 55.57% | 56.16 |

### (iii) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

| വർഷം | ബഡ്ജറ്റിൽ വകയിരുത്തി യിട്ടുള്ള തുക (രൂപ ലക്ഷത്തിൽ) | അനുവദിച്ച തുക (രൂപ ലക്ഷത്തിൽ) | ചെലവാക്കിയ തുക (രൂപ ലക്ഷത്തിൽ) | ചെലവാക്കാൻ കഴിയാതെ തിരിച്ചടച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|
| 2011-12 | 242 | 242 | 242 | 0 |
| 2012-13 | 330 | 330 | 330 | 0 |
| 2013-14 | 400 | 400 | 400 | 0 |
| 2014-15 | 800 | 296 | 296 | 0 |
| 2015-16 | 900 | 775 | 292.9 | ബാക്കി തുക ചെലവഴിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ